## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

30.11.2018-ലെ മറുപടി

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:937

## ജലനിധി പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ.ആന്റണി ജോൺ<br>ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീ.ഐ.ബി. സതീഷ് | | കെ. കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ജലനിധി പദ്ധതി നടപ്പിലാക്കുന്നതിനായി പഞ്ചായത്ത് റോഡുകൾ കുഴിക്കേണ്ടി വരുമ്പോൾ ആയത് നന്നാക്കുന്നതിനുവേണ്ട തുക മുൻകൂർ ഡെപ്പോസിറ്റ് ചെയ്യണമെന്ന നിബന്ധനയുണ്ടോ; | (എ) | ഇല്ല |
| (ബി) | ഇല്ലെങ്കിൽ എപ്രകാരമാണ് പദ്ധതിയുടെ പൈപ്പ് ലൈനുകൾ സ്ഥാപിച്ച ശേഷം റോഡ് റീസ്റ്റോറേഷൻ നടത്തുന്നത്; ഇപ്രകാരമുള്ള റോഡ് റീസ്റ്റോറേഷന് പഞ്ചായത്ത് വിഹിതം അടക്കേണ്ടതുണ്ടോ; | (ബി) | ജലനിധി പദ്ധതികളുടെ എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുള്ള പഞ്ചായത്ത് റോഡ് റിസ്റ്റോറേഷൻ തുകയ്ക്ക് അനുസരിച്ചാണ് റോഡ് റിസ്റ്റോറേഷൻ പ്രവൃത്തികൾ നടത്തുന്നത്. എസ്റ്റിമേറ്റിൽ വരുന്ന റോഡ് റിസ്റ്റോറേഷൻ തുകയ്ക്ക് പഞ്ചായത്ത് വിഹിതം അടയ്ക്കേണ്ടതാണ്. |
| (സി) | വേങ്ങര നിയോജകമണ്ഡലത്തിലെ വേങ്ങര, ഊരകം, പറപ്പൂർ പഞ്ചായത്തുകളിൽ ജലനിധി പദ്ധതി പൂർത്തീകരിച്ചതിന് ശേഷം ഇതിനായി കുഴിച്ച പഞ്ചായത്ത് റോഡുകൾ റിപ്പയർ ചെയ്യുന്നതിന് ആവശ്യമായ തുക എത്രയെന്ന് എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്. വേങ്ങര, ഊരകം, പറപ്പൂർ എന്നീ ഗ്രാമ പഞ്ചായത്തുകൾക്ക് ആവശ്യമായ തുക യഥാക്രമം 2,84,70,406/-, 1,31,87,781/-, 3,08,72,893/- എന്ന നിലയിലാണ് എസ്റ്റിമേറ്റ് ലഭിച്ചിട്ടുള്ളത്. |

| ചോദ്യം | | മറുപടി | |
|---|---|---|---|
| (ഡി) | പ്രസ്തുത എസ്റ്റിമേറ്റ് തുകയിൽ ജലനിധിയുടെ വിഹിതം എത്രയാണ്; ഇത് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ; | (ഡി) | എസ്റ്റിമേറ്റ് തുക തുല്യമായി ജലനിധിയും ഗ്രാമ പഞ്ചായത്തും വഹിക്കുന്നത് സംബന്ധിച്ച് പഞ്ചായത്തുകളുമായി ധാരണയിലായതിനു ശേഷം മാത്രമേ തുക അനുവദിക്കാൻ സാധിക്കുകയുള്ളൂ. |
| (ഇ) | മേൽപ്പറഞ്ഞ ജലനിധി പദ്ധതി പൂർത്തീകരിച്ചത് എന്നാണ്; റോഡ് പുനരുദ്ധാരണത്തിനായി ജലനിധി നൽകാനുള്ള തുക എന്നത്തേക്ക് ലഭ്യമാക്കുമെന്ന് അറിയിക്കാമോ? | (ഇ) | പഞ്ചായത്ത് റോഡ് പുനരുദ്ധാരണത്തിനായി ജലനിധി നൽകാനുള്ള തുക മേൽപ്പറഞ്ഞ ധാരണയിലെത്തുന്ന മുറയ്ക്ക് നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**